നാഷണൽ ഹൈവേയുടെ പണിക്കുവേണ്ടി അനുവദിച്ച സംഖ്യ

392 [426] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

(എ) 1985–86 വർഷത്തിൽ സംസ്ഥാനത്തെ നാഷണൽ ഹൈവേയുടെ പണിക്കുവേണ്ടി കേന്ദ്രസർക്കാർ അനുവദിച്ച സംഖ്യ എത്ര;

(ബി) 1985–86–ൽ തിരുവനന്തപുരം ജില്ലയിലെ നാഷണൽ ഹൈവേയുടെ പണിക്കുവേണ്ടി ചെലവാക്കിയ തുക എത്ര;

(സി) നാഷണൽ ഹൈവേ 47–ന്റെ ഭാഗമായ തിരുവനന്തപുരം–നെയ്യാറ്റിൻകര നാഷണൽഹൈവേയുടെ വീതി കൂട്ടുന്നതിന് എന്തെങ്കിലും പരിപാടി നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ എൻ.എച്ച്. 47–ൽ തിരുവനന്തപുരം–നെയ്യാറ്റിൻകര ഭാഗത്ത് ഇന്നുള്ള വാഹനഗതാഗതത്തിന്റെ ആധിക്യം കണക്കിലെടുത്ത് പ്രസ്തുത റോഡിന്റെ വീതികൂട്ടുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1985–86 വർഷത്തിൽ സംസ്ഥാനത്തെ നാഷണൽ ഹൈവേയുടെ ഒറിജിനൽ വർക്സിനുവേണ്ടി 855.508 ലക്ഷം രൂപയും അറ്റകുറ്റപ്പണിക്കുവേണ്ടി 2,61,59,000 രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) ടി വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ നാഷണൽ ഹൈവേയുടെ പണിക്കുവേണ്ടി 1,27,73,962 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) തിരുവനന്തപുരം മുതൽ പാറശ്ശാലവരെയുള്ള നാഷണൽ ഹൈവേ ബൈപാസ്സിന്റെ പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോഴുള്ള നാഷണൽ ഹൈവേയ്ക്ക് വീതികൂട്ടുന്ന ഒരു പരിപാടിയും നിലവിലില്ല.

(ഡി) മുകളിൽ പറഞ്ഞിരിക്കുന്ന കാരണത്താൽ പ്രസ്തുത പരിപാടി നടത്തുവാൻ ബുദ്ധിമുട്ടുണ്ട്. നാഷണൽ ഹൈവേ ബൈപാസ് പണി തീരുമ്പോൾ ഈ റോഡിലെ ഗതാഗത ബാഹുല്യം കുറയുന്നതാണ്.

മുക്കം—മണ്ടാംകടവ് റോഡിന്റേയും മണ്ടാംകടവ് പാലത്തിന്റേയും പണി

393 [427] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത മുക്കം–മണ്ടാംക്കടവ് റോഡിന്റേയും മണ്ടാംകടവ് പാലത്തിന്റേയും പ്രവൃത്തി എന്നു തുടങ്ങുമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

സാമ്പത്തിക പരിമിതികൊണ്ടും കാരണം പ്രസ്തുത റോഡിന്റേയും പാലത്തിന്റേയും പണി ഉടനെ ഏറ്റെടുത്തു നടത്താൻ പ്രയാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly